**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1143** **02-02-2026 - ൽ മറുപടിയ്ക്ക്**

**കൂത്തുപറമ്പ് മണ്ഡലത്തിലെ ജൽജീവൻ മിഷൻ പദ്ധതിക്കായി കുഴിച്ച റോഡുകളുടെ പുനസ്ഥാപനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കൂത്തുപറമ്പ് നിയോജക മണ്ഡലത്തിലെ ജൽജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി തദ്ദേശ റോഡുകളില്ലുൾപ്പടെ പൈപ്പുകൾ സ്ഥാപിക്കാനെടുത്ത കുഴികൾ പൂർവ്വ സ്ഥിതിയിലാക്കാത്തത് കാരണം റോഡുകൾ തകരുന്നതും കരാറെടുത്ത റോഡുകളിൽ പ്രവൃത്തി ആരംഭിക്കാൻ സാധിക്കാത്തതുമായ കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | കൂത്തുപറമ്പ് നിയോജക മണ്ഡലത്തിലെ ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി പൈപ്പുകൾ സ്ഥാപിക്കുന്നതിനായി കുഴിച്ച റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ ഭൂരിഭാഗം സ്ഥലങ്ങളിലും പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള റോഡുകളിലെ റെസ്റ്റോറേഷൻ പ്രവൃത്തികൾ പുരോഗമിച്ചു വരികയാണ്.<br><br>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ റോഡുകളില്ലുൾപ്പടെ, പൈപ്പുകൾ സ്ഥാപിക്കുന്നതിനായി എടുത്ത കുഴികൾ മൂലം കരാർ വെച്ച റോഡുകളിൽ പ്രവൃത്തി ആരംഭിക്കാൻ സാധിക്കാത്ത സാഹചര്യം ഉണ്ടായിട്ടില്ല.<br><br>പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തിയോടൊപ്പം തന്നെ റോഡ് പുനഃസ്ഥാപിക്കുന്ന പ്രവൃത്തികളും സമയ ബന്ധിതമായി പൂർത്തീകരിക്കുന്നതിനായി നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. |
| (ബി) | തദ്ദേശ റോഡുകൾ ഉൾപ്പെടെ മുഴുവൻ റോഡുകളിലും പൈപ്പുകൾ സ്ഥാപിക്കാനെടുത്ത കുഴികൾ പൂർവ്വസ്ഥിതിയിലാക്കുന്ന പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാനാവുമെന്ന് വ്യക്തമാക്കാമോ? | (ബി) | കൂത്തുപറമ്പ് നിയോജക മണ്ഡലത്തിലെ ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി കുഴിച്ച റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ 2026 മെയ് മാസത്തോടുകൂടി പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ